# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. അതിരൂപതാ മതബോധന കമ്മിറ്റി

2018-19 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2019 മാർച്ച് 1-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ സന്ദേശഭവനിൽ വച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

## 2. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 16ന് ശനിയാഴ്ച്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 3. വിശ്വാസോത്സവം മാർച്ച് 31 - ഏപ്രിൽ 4

2019 മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെയുള്ള ദിവസങ്ങളിലാണ് നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം നടക്കുന്നത്. അഞ്ചുമണിക്കൂർ സമയം ലഭിക്കത്തക്കവിധത്തിലാണ് എല്ലാ ഇടവകകളിലും ക്ലാസ്സുകൾ ക്രമീകരിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേസ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാദിവസവും വി. കുർബ്ബാനയോടുകൂടിയാണ് വിശ്വാസോത്സവം ആരംഭിക്കേണ്ടത് (വിശദവിവരങ്ങൾക്കായി വിശ്വാസോത്സവം സംബന്ധിച്ച അഭിവന്ദ്യപിതാവിന്റെ സർക്കുലർ കാണുക).

## 4. വിശ്വാസോത്സവ ഉദ്ഘാടനം

വിശ്വാസോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് മാർച്ച് 31-ാം തീയതി ഞായറാഴ്ച അതിരുമാവ് ഇടവകയിൽ വി. ബലി മധ്യേ നിർവ്വഹിക്കുന്നതാണ്.

## 5. വിശ്വാസോത്സവ വർക്ക് ബുക്കുകൾ

ഓരോ സൺഡേസ്കൂളും നല്കിയിരിക്കുന്ന എണ്ണമനുസരിച്ചുള്ള വിശ്വാസോത്സവ വർക്ക് ബുക്കുകൾ റീജണൽ കേന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും.

### വർക്കു ബുക്കുകളുടെ വില

| | |
|---|---|
| I- III | Rs. 28 |
| IV | Rs. 40 |
| V- VI | Rs. 35 |
| VII- IX | Rs. 38 |
| X- XI | Rs. 40 |

### 6. വിശ്വാസോത്സവ ടീച്ചേഴ്സ് ട്രെയിനിംഗ് മാർച്ച് 9 ശനി

ഈ വർഷത്തെ വിശ്വാസോത്സവ വർക്ക് ബുക്കുകൾ പൂർണ്ണമായും പുതിയതാണ്. വർക്ക് ബുക്കുകൾ വിശ്വാസപരിശീലകർ പരിചയപ്പെട്ടാൽ മാത്രമേ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ മാർച്ച് 9-ാം തീയതി ശനിയാഴ്ച രാവിലെയും ഉച്ചകഴിഞ്ഞുമായി ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും വച്ച് നടത്തുന്നതാണ്. പരിശീലനം ലഭിച്ച 4 വൈദികർ ഓരോ സെന്ററിലും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു. **ഇടവകയിൽനിന്നുള്ള മുഴുവൻ വിശ്വാസ പരിശീലകരും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തെത്തി ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.** കൂടാതെ വിശ്വാസോത്സവത്തിന് സഹായികളായി എടുക്കുന്നവരെയും ട്രെയിനിംഗിൽ പങ്കെടുപ്പിക്കേണ്ടതാണ്.

| സ്ഥലം | സമയം | സ്ഥലം | സമയം |
|---|---|---|---|
| പേരാവൂർ | 9.30-1.00 pm | നെല്ലിക്കാംപൊയിൽ | 9.30-1.00 pm |
| ചെമ്പേരി | 9.30-1.00 pm | ചെമ്പന്തൊട്ടി | 9.30-1.00 pm |
| ആലക്കോട് | 9.30-1.00 pm | ചെറുപുഴ | 9.30-1.00 pm |
| തോമാപുരം | 9.30-1.00 pm | കാഞ്ഞങ്ങാട് | 9.30-1.00 pm |
| എടൂർ | 2.00-5.30 pm | കുന്നോത്ത് | 2.00-5.30 pm |
| പൈസക്കരി | 2.00-5.30 pm | വായാട്ടുപറമ്പ് | 2.00-5.30 pm |
| തളിപ്പറമ്പ് | 2.00-5.30 pm | മേരിഗിരി | 2.00-5.30 pm |
| വെള്ളരിക്കുണ്ട് | 2.00-5.30 pm | പനത്തടി | 2.00-5.30 pm |

### 7. വിശ്വാസോത്സവ ആൽബം

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ.

**വിഷയം: പ്രളയകാലത്തെ കേരളസഭയുടെ പ്രവർത്തനങ്ങൾ**

കഴിഞ്ഞവർഷം ഉണ്ടായ പ്രളയക്കെടുതിയിൽ കേരളം വിറങ്ങലിച്ചപ്പോൾ സഭയുടെ ഇടപെടലുകൾക്ക് നാമെല്ലാവരും സാക്ഷ്യംവഹിച്ചതാണല്ലോ. സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ ബോധപൂർവ്വം തമസ്ക്കരി

ക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് സഭയുടെ ഇടപെടലുകളെക്കുറിച്ച് അവബോധം നല്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ആൽബത്തിന് ഈ വിഷയം നിർദ്ദേശിച്ചിരിക്കുന്നത്. ആൽബത്തിൽ പ്രളയകാലത്തെ സഭയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 8-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 15 ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## 8. വാർഷികപരീക്ഷ I- XI

I മുതൽ XI -ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച്ച രാവിലെ 11.00 മുതൽ 1.00 വരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തുവാൻ പാടില്ല. 4,7,10 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്നതിനാൽ മേഖലാ കമ്മിറ്റികൂടി സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടതാണ്.

## 9. ജനറൽ ചോദ്യങ്ങൾ

ഏപ്രിൽ 7-ന് നടത്തുന്ന IV മുതൽ XI വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ മാർച്ച് 9-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 10. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

4, 7, 10 ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫൊറോനയിൽനിന്ന് ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 11. ആസ്പെക്ട് പരീക്ഷ

വിശ്വാസപരിശീലകർ പഠിക്കുന്ന 'സഭയും സുവിശേഷവത്കരണവും' എന്ന പുസ്തകത്തിന്റെ പരീക്ഷ **മാർച്ച് 24 ഞായറാഴ്ച** ഉച്ചകഴിഞ്ഞ് 2.30–4.30 വരെയായിരിക്കും. 60 വയസിനു താഴെ പ്രായമുള്ള അദ്ധ്യാപകരെല്ലാവരും പരീക്ഷയാണ് എഴുതേണ്ടത്.

**നിർദ്ദേശങ്ങൾ**

1. പരീക്ഷയുടെ മാതൃക താഴെപ്പറയും വിധമായിരിക്കും.
   a) പത്തു ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരി ഉത്തരം തെരഞ്ഞെടുത്തെഴുതുക. (10x2=20)
   b) ഒന്നരപേജിൽ കവിയാതെ ഉത്തരമെഴുതേണ്ട നാല് ചോദ്യങ്ങൾ. (4x10=40)
   c) മൂന്നു പേജിൽ കവിയാതെ ഉത്തരമെഴുതേണ്ട 2 ചോദ്യങ്ങൾ. (2x20=40)
2. പരീക്ഷയ്ക്ക് Choice ഉണ്ടായിരിക്കുന്നതാണ്.
3. ടെക്സ്റ്റ് ബുക്കിൽ നിന്നുള്ള അൻപത് one word ചോദ്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്. അതിൽ നിന്നും 7 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. ബാക്കിയുള്ള 3 ചോദ്യങ്ങൾ ടെക്സ്റ്റ് ബുക്കിൽ നിന്നും ചോദിക്കുന്നതാണ്.

## 12. ആസ്പെക്ട് – പ്രബന്ധം

60 വയസിൽ താഴെ പ്രായമുള്ളവർ എല്ലാവരും പരീക്ഷയാണ് എഴുതേണ്ടത്. മതിയായ കാരണങ്ങളാൽ അസൗകര്യമുള്ളവർക്ക് താഴെ കൊടുത്തിരിക്കുന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധം എഴുതാവുന്നതാണ്. പ്രബന്ധം 15 പേജിൽ കുറയരുത്.

**വിഷയം: ഭാരതസഭയും സുവിശേഷവത്കരണവും**

## 13. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള 'സഭയും സുവിശേഷവത്കരണവും' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് **ഏപ്രിൽ 13–ന്** തളിപ്പറമ്പ് ഇടവകയിൽവച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ മാർച്ച് 17–നുള്ളിൽ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 14. അവധിക്കാല വേദപാഠം ഏപ്രിൽ 26–29

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 26ന് രാവിലെ 9.30 മുതൽ 29–ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു.

വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് 1000 രൂപയായിരിക്കും.

## 15. ഹെഡ്മാസ്റ്റേഴ്സ് റീജണൽ കൂട്ടായ്മ

2018-19 വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജണൽ കൂട്ടായ്മ നടത്തുവാൻ ആഗ്രഹിക്കുകയാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടയ്ക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ് (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ഗിരിദീപം, വിശ്വാസോത്സവം, ആസ്പെക്ട് ടെക്സ്റ്റ് ബുക്ക്....).

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 2 ശനി | 09.00 am | കാഞ്ഞങ്ങാട്, പനത്തടി |
| തോമാപുരം | മാർച്ച് 2 ശനി | 02.30 pm | വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ |
| ആലക്കോട് | മാർച്ച് 3 ഞായർ | 02.30 pm | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| ചെമ്പേരി | മാർച്ച് 4 തിങ്കൾ | 09.00 am | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 5 ചൊവ്വ | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 16. ആമുഖ സെമിനാർ മെയ് 1-4

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന (ഇതുവരെയും ആമുഖ സെമിനാറിൽ പങ്കെടുക്കാൻ സാധിച്ചിട്ടില്ലാത്ത) വിശ്വാസപരിശീലകർക്കായി മെയ് 1 മുതൽ 4 വരെയുള്ള തീയതികളിലായി ആമുഖ സെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ മെയ്മാസം 1-ാം തീയതി ബുധനാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 4-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 1000 രൂപയായിരിക്കും. സെമിനാറിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഏപ്രിൽ 7-ന് മുമ്പായി ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 60-ൽ കുറവാണെങ്കിൽ സെമിനാർ നടത്തുന്നതല്ല.

## 17. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 13-ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. അതിരൂപതയിലെ സൺഡേ സ്കൂളുകളുടെ നേതൃത്വത്തിൽ മിഷൻലീഗ്, കെ.സി.വൈ.എം., മാതൃവേദി, etc. തുടങ്ങിയ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഏപ്രിൽ 4-ാം തീയതി **"മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടന"** ദിനമായി ആചരിക്കുകയാണ്. ഏപ്രിൽ 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ ഫൊറോന അടിസ്ഥാനത്തിൽ അതിരൂപതയിലെ മുഴുവൻ സൺഡേ സ്കൂളുകളിലെയും 10-ാം ക്ലാസ്സിലെ കുട്ടികൾ ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുന്നു. മലബാർ കുടിയേറ്റത്തിന്റെ പ്രാധാന്യത്തെയും വള്ളോപ്പിള്ളി പിതാവിന്റെ സംഭാവനകളെയും പരിചയപ്പെടുത്തുന്ന വിവിധ കർമ്മപദ്ധതികളാണ് പ്രസ്തുത ദിനങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ തീർത്ഥാടനം വിജയമാക്കുന്നതിനുവേണ്ടി എല്ലാ ബഹു. വികാരിയച്ചന്മാരുടെയും വിശ്വാസപരിശീലകരുടെയും എല്ലാ ഭക്തസംഘടനകളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ക്രമീകരണങ്ങൾ**

1. ഏപ്രിൽ 1 മുതൽ 4 വരെയുള്ള തീയതികളിലാണ് തീർത്ഥാടനം സംഘടിപ്പിക്കുന്നത്.
2. എല്ലാദിവസവും രാവിലെ 9.30നും 11.30നും വി. ബലിയർപ്പണം ഉണ്ടായിരിക്കും. ഓരോ ഇടവകയും താഴെ പറഞ്ഞിരിക്കുന്ന ക്രമമനുസരിച്ച് ഫൊറോന അടിസ്ഥാനത്തിൽ വി. ബലിയിൽ പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ഏപ്രിൽ 1 തിങ്കൾ | വി. കുർബ്ബാന | 9.30 | - പേരാവൂർ, തളിപ്പറമ്പ് |
| ഏപ്രിൽ 1 തിങ്കൾ | വി. കുർബ്ബാന | 11.30 | - എടൂർ, ചെമ്പന്തൊട്ടി |
| ഏപ്രിൽ 2 ചൊവ്വ | വി. കുർബ്ബാന | 9.30 | - ആലക്കോട്, വായാട്ടുപറമ്പ് |
| ഏപ്രിൽ 2 ചൊവ്വ | വി. കുർബ്ബാന | 11.30 | - വെള്ളരിക്കുണ്ട്, പനത്തടി |
| ഏപ്രിൽ 3 ബുധൻ | വി. കുർബ്ബാന | 9.30 | - പൈസക്കരി, ചെമ്പേരി |
| ഏപ്രിൽ 3 ബുധൻ | വി. കുർബ്ബാന | 11.30 | - ചെറുപുഴ, മേരിഗിരി |
| ഏപ്രിൽ 4 വ്യാഴം | വി. കുർബ്ബാന | 9.30 | - കുന്നോത്ത്, നെല്ലിക്കാംപൊയിൽ |
| ഏപ്രിൽ 4 വ്യാഴം | വി. കുർബ്ബാന | 11.30 | - തോമാപുരം, കാഞ്ഞങ്ങാട് |

3. രാവിലെ 9.30ന്റെ വി. ബലിയിൽ പങ്കെടുക്കേണ്ട ഇടവകകൾ കത്തീഡ്രൽ പള്ളിയുടെ മുമ്പിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. കുട്ടികൾക്ക് റിഫ്രഷ്മെന്റ് സൗകര്യങ്ങൾ സാൻ ജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാരിയിലുമായി ക്രമീകരിക്കുന്നതാണ്. വി.

ബലിക്കുശേഷം സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ സജ്ജീകരിച്ചിരിക്കുന്ന എക്സിബിഷൻ സെന്ററുകൾ സന്ദർശിക്കാവുന്നതാണ്.

4. 11.30ന്റെ വി. ബലിയർപ്പണത്തിൽ പങ്കെടുക്കേണ്ട ഇടവകകൾ സന്ദേശഭവനിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. റിഫ്രഷ്മെന്റ് സൗകര്യം സന്ദേശഭവനിൽ ക്രമീകരിക്കുന്നതാണ്. വി. ബലിക്കു മുമ്പായി ബിഷപ്സ് ഹൗസിലെ മ്യൂസിയം, സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലെ എക്സിബിഷൻ സെന്ററുകൾ എന്നിവ സന്ദർശിക്കാവുന്നതാണ്.

5. ഉച്ചഭക്ഷണം കഴിക്കാൻ മൈനർ സെമിനാരിയിൽ സ്ഥലം ക്രമീകരിക്കുന്നതാണ്. കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുന്നതായിരിക്കും. തുക പിന്നീട് അറിയിക്കുന്നതായിരിക്കും. വരുന്ന കുട്ടികളുടെയും സ്റ്റാഫിന്റെയും എണ്ണം **മാർച്ച് 25**-നുമുമ്പായി നിർബന്ധമായും ഓഫീസിൽ അറിയിക്കേണ്ടതാണ്.

6. ഉച്ചകഴിഞ്ഞ് 3 മണിയോടെ മടങ്ങിപോകാൻ കഴിയത്തക്കവിധമാണ് പ്രോഗ്രാം ക്രമീകരിച്ചിട്ടുള്ളത്. **മറ്റു വിശദവിവരങ്ങൾ കത്ത് മുഖേന പ്രധാനാധ്യാപകരെ അറിയിക്കുന്നതാണ്.**

## 18. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷ ഏപ്രിൽ 10ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയിൽനിന്ന് പരമാവധി രണ്ട് അപേക്ഷകളേ സ്വീകരിക്കുകയുള്ളൂ. ആദ്യം ലഭിക്കുന്ന ഇരുപത് അപേക്ഷകളാണ് പരിഗണിക്കുന്നത്.

## 19. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും ഏപ്രിൽ 10ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 20. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 10ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 21. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര് വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 10ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 22. വിജയവീഥി - ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ കരിയർ ഗൈഡൻസ്, വിവിധ എൻട്രൻസ് പരീക്ഷകൾ, നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി - ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം തയ്യാറായിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്ടു പഠനശേഷം സ്വീകരിക്കേണ്ട പഠനസാധ്യതകൾ പരിചയപ്പെടുത്തുന്ന നല്ല പുസ്തകമാണിത്. X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇത് ഏറെ പ്രയോജനപ്രദമാണ്. നമ്മുടെ വിശ്വാസപരിശീലന ക്ലാസ്സുകളിലെ കുട്ടികൾ ഈ പുസ്തകം വാങ്ങി വായിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. പുസ്തകത്തിന്റെ വില 100 രൂപയാണ്. സൺഡേസ്കൂൾ കുട്ടികൾക്ക് പുസ്തകം 70 രൂപയ്ക്ക് ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ള കോപ്പികളുടെ എണ്ണം ബഹു. ഹെഡ്മാസ്റ്റർമാർ ഓഫീസിൽ അറിയിക്കുമല്ലോ.

## 23. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 24. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

## 25. ദിയാകോണിയ കർമ്മ പദ്ധതി

മാർച്ച് മാസം "സമാധാന സന്ദേശ പ്രചരണ"മാസമായി നാം ആചരിക്കുകയാണ്. സൺഡേ സ്കൂൾ തലത്തിൽ ചെയ്യേണ്ട കർമ്മപദ്ധതികൾ:

1) സമാധാന പ്രവർത്തനങ്ങൾക്ക് ഇടവകയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെ ആദരിക്കുക.
2) ലോകസമാധാനത്തിനുവേണ്ടി പ്രവർത്തിച്ച നേതാക്കളെ കുട്ടികൾക്ക് പരിചയപ്പെടുത്തുക.

## 26. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ആരംഭിച്ചിരിക്കുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ഗിരിദീപത്തിൽ ലഭ്യമാണ്.

## 27. വിവിധ കുടിശികകൾ

2018-2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ എത്രയും പെട്ടെന്ന് അടച്ച് സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ച തിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുത രുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടി ലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 28. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ പടിമരുത്, പേരട്ട, എടപ്പുഴ, പുളിങ്ങോം എന്നീ ഇടവക കളിലും അസി. ഡയറക്ടറച്ചൻ പാത്തൻപാറ, ഒറ്റത്തൈ, രണ്ടാംകടവ് എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാ പിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958